LIBRARY ARCHIVES Kerala Legislative Assembly

പ്രൈസ് മോണിറ്ററിംഗ് സെല്ലുകളുടെ പ്രവർത്തനം

29 (*299) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ടോ?

ഉണ്ട്. വിലവർദ്ധനവിന്റെ അടിസ്ഥാനകാരണം പഠനവിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലേയും സർക്കാർ ഏജൻസികളിലേയും ടെക്നിക്കൽ സ്റ്റാഫിനെ ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ 15-5-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുകയും ആയത് കാലാകാലങ്ങളിൽ യോഗം ചേരുകയും ചെയ്യുന്നു. നിലവിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പ്രൈസ് മോണിറ്റിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി അത് പരിഹരിക്കുന്നതിനാവശ്യമായ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്ത് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ?

ഉണ്ട്. 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതു വിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നൽകുകയും അവിടെനിന്ന് ടി വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും വില ശരാശരിയിൽ നിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) ഉത്സവകാലങ്ങളിൽ പൊതുജനങ്ങൾക്ക് സൗജന്യനിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക വിപണന മേളകളും ചന്തകളും സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. ഈ ഓണക്കാലത്ത് സപ്ലൈകോ മുഖേന ഓണച്ചന്തകൾ സംഘടിപ്പിക്കുന്നു. ജില്ലാതല ഓണച്ചന്തകൾ ആഗസ്റ്റ് 11-ന് ആരംഭിച്ച് ആഗസ്റ്റ് 20-ന് സമാപിക്കും (ആകെ 10 ദിവസങ്ങൾ). താലൂക്ക് കേന്ദ്രങ്ങളിലുള്ള 75 താലൂക്ക് ഫെയറുകൾ, മറ്റ് നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ചുള്ള 60 ഓണച്ചന്തകൾ എന്നിവ പ്രമുഖ സപ്ലൈകോ വിൽപ്പനശാലകളോട് അനുബന്ധമായാണ് ഈ വർഷം നടത്തുന്നത്. ഈ മേളകൾ ആഗസ്റ്റ് 16-ന് ആരംഭിച്ച് ആഗസ്റ്റ് 20-ന് സമാപിക്കും (5 ദിവസങ്ങൾ). ഈ കാലയളവിൽ, സപ്ലൈകോയുടെ മറ്റ് വിൽപ്പനശാലകളെല്ലാം ഓണം മിനിഫെയറുകളായി പ്രവർത്തിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 1484 ഫെയറുകൾ പ്രവർത്തിപ്പിക്കും. എല്ലാത്തരം ഓണം മേളകളിലും സബ്സിഡി-സബ്സിഡി ഇതര ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതാണ്.

രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ

30 (*300) ശ്രീ. പി. വി. അൻവർ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. വി. ജോയി:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനുമായി രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമാവും വിധം പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണ ശേഷി വർദ്ധിപ്പിക്കുക.